"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:ടി.ബി.ഒ/185/2023

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(പാഠപുസ്തക വിഭാഗം)
പത്മവിലാസം റോഡ് , ഫോർട്ട് ,
തിരുവനന്തപുരം.
തീയതി : 03-09-2024
ഇ-മെയിൽ-tbo.dge@kerala.gov.in

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - പാഠപുസ്തക വിഭാഗം-2024-25 അധ്യയന വർഷത്തെ ഒമ്പതാം ക്ലാസ്സിലെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പ്രവർത്തന പാഠപുസ്തകം TBMS (Text Book Supply Monitoring System 2024-25) വെബ് സൈറ്റ് ഓൺലൈനായി ഇൻഡന്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന :-
1. 24-08-2024 തീയതിയിലെ സ.ഉ.(സാധാ) നം.4839/2023/പൊ.വി.വ
2. 13-11-2023 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.ടി.ബി.ഒ/185/2023
3. 31-08-2024 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.ക്യു.ഐ.പി 2/13536/2024/ഡി.ജി. ഇ

*****

2024-25 അധ്യയന വർഷത്തെ ഒമ്പതാം ക്ലാസ്സിലെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിനായുള്ള വാല്യം-2 പ്രവർത്തന പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ സർക്കാർ, എയ്ഡഡ്, ടെക്നിക്കൽ, അംഗീകൃത അൺ-എയ്ഡഡ്, സി.ബി.എസ്.ഇ, നവോദയ എന്നീ സ്കൂളുകൾക്കും ലക്ഷദ്വീപ്, മാഹി, ഗൾഫ് ആസ്ഥാനമായി സംസ്ഥാന പാഠ്യപദ്ധതി അവലംബിക്കുന്നതോ മലയാള വിഷയങ്ങൾ മാത്രമായി സ്വീകരിച്ചിട്ടുള്ളതോ ആയ എല്ലാ അംഗീകൃത സ്കൂളുകളും തങ്ങൾക്ക് ലഭ്യമായിട്ടുള്ള സമ്പൂർണ്ണ സ്കൂൾ കോഡ്, പാസ് വേഡ് എന്നിവ ഉപയോഗിച്ച് KITE (Kerala Infrastructure and Technology for Education) തയ്യാറാക്കിയിട്ടുള്ള TBMS (Text Book Supply Monitoring System) എന്ന സോഫ്റ്റ് വെയർ മുഖാന്തിരം **2024 സെപ്റ്റംബർ 9 മുതൽ 12 വരെയുള്ള തീയതികളിൽ ഒറ്റ തവണയായി ഒമ്പതാം ക്ലാസ്സിലെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിനായുള്ള വാല്യം-2 പ്രവർത്തന പാഠപുസ്തകങ്ങൾ ഇൻഡന്റ് രേഖപ്പെടുത്താവുന്നതാണ്.**

ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്നതിനായി സ്കൂളുകൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**സർക്കാർ എയ്ഡഡ്, ടെക്നിക്കൽ സ്കൂളുകൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ**

ഓരോ സ്കൂളുകൾക്കാവശ്യമായ ഒമ്പതാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിനായുള്ള വാല്യം-2 പ്രവർത്തന പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്നതിനായി അതാത് സ്കൂളുകളിൽ നിന്നും നേരിട്ട്

www.kite.kerala.gov.in എന്ന വെബ് സൈറ്റിലെ Text Book Supply Monitoring System 2024-25 എന്ന ലിങ്കിൽ പ്രവേശിച്ച് ചെയ്യാവുന്നതാണ്. അതാത് സ്കൂളുകൾക്കായുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. ഇൻഡന്റ് ഫോം ലഭിക്കുന്നതിനായി **ക്ലാസ്സ് 9 (പാർട്ട് –ബി)** എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഐക്കണിൽ ക്ലിക്ക് ചെയ്യുക. അതിനുശേഷം തെരഞ്ഞെടുത്തിട്ടുള്ള ടൈറ്റിലുകളിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തുക. എന്നിട്ട് സേവ് ചെയ്ത് പരിശോധിച്ചതിനുശേഷം കൺഫേം ചെയ്യുക. മൂന്ന് ഗ്രൂപ്പുകളായാണ് തൊഴിൽ മേഖലകൾ നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ പാഠപുസ്തകങ്ങളും മൂന്ന് ഗ്രൂപ്പുകളായും തരംതിരിച്ചിട്ടുണ്ട്. മൂന്ന് ഗ്രൂപ്പുകളിൽ നിന്നുമായി ഓരോ തൊഴിൽ മേഖല വീതം തെരഞ്ഞെടുക്കാം. ഒരു ഗ്രൂപ്പിൽ നിന്നും ഒന്നിൽ കൂടുതൽ മേഖലകൾ തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ല. ഓരോ മേഖലയിലും ചുരുങ്ങിയത് 30 കുട്ടികൾ വീതം ഉണ്ടായിരിക്കണം. ഒരു സ്കൂളിൽ ഒമ്പതാം ക്ലാസ്സിൽ 31 മുതൽ 60 വരെ കുട്ടികൾ ഉള്ളതെങ്കിൽ മൂന്ന് ഗ്രൂപ്പിൽ നിന്നുമായി രണ്ട് തൊഴിൽ മേഖലകൾ മാത്രം തെരഞ്ഞെടുക്കാം. 60 കുട്ടികളിൽ കൂടുതൽപേർ ഉണ്ടെങ്കിൽ മൂന്ന് ഗ്രൂപ്പിൽ നിന്നും ഓരോ തൊഴിൽ മേഖല തെരഞ്ഞെടുക്കാം. ഈ നിബന്ധനയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളായിരിക്കണം ഇൻഡന്റ് ചെയ്യേണ്ടത്.

| ക്രമ നമ്പർ | ഗ്രൂപ്പ്-1 | ഗ്രൂപ്പ്-2 | ഗ്രൂപ്പ്-3 |
|---|---|---|---|
| 1. | കൃഷി — വിളവിന്റെ വിജ്ഞാനം | മാധ്യമങ്ങളും വിനോദവും- മാധ്യമനൈപുണികൾ അറിയാം നേടാം | പാർപ്പിടം- പാർപ്പിട നിർമ്മാണം- അടിസ്ഥാന ആശയങ്ങൾ |
| 2. | ഭക്ഷ്യവ്യവസായം- രുചിക്കൂട്ടുകളുടെ ലോകം | ടൂറിസം- ടൂറിസവും ആതിഥേയത്വവും | പ്ലംബിംഗ്- (Plumbing) പൈപ്പുകളും- ഫിറ്റിങ്ങുകളും- പ്ലംബിങ്ങിന് ഒരു വഴികാട്ടി |
| 3. | ഹരിത സാങ്കേതിക വിദ്യ പാഴ്വസ്തു പരിപാലനം ഹരിത സാങ്കേതിക വിദ്യയിലൂടെ | ധനകാര്യം- സാമ്പത്തിക സാക്ഷരത | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്- ഇസി- ട്രോണിക്സ് |
| 4. | | വസ്ത്രം- പാഷൻ ഇൻ ഫാഷൻ | പ്രിന്റിംഗ് & സ്റ്റേഷനറി- പ്രിന്റിംഗും പാക്കേജിങ്ങും |

ഒമ്പതാം ക്ലാസ്സിലെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് ഓരോ അധ്യാപകർക്കും ഒരു ബുക്ക് വീതം അധികമായി ഇൻഡന്റ് ചെയ്യാവുന്നതാണ്. നടപ്പ് അധ്യയന വർഷത്തിലെ ആറാം പ്രവർത്തിദിനത്തിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ചായിരിക്കണം ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്. അംഗീകാരമുള്ള ഇംഗ്ലീഷ് മീഡിയം നിലവിലുള്ള സ്കൂളുകൾ അത്തരം പാഠപുസ്തകങ്ങൾ മാത്രമേ ഇൻഡന്റ് ചെയ്യാൻ പാടുള്ളൂ. നിയമാനുസൃത പാരലൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ നിലവിലില്ലാത്ത സ്കൂളുകൾ അത്തരം പാഠപുസ്തകങ്ങൾ ഇൻഡന്റ് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ടി പാഠപുസ്തകങ്ങളുടെ ബാധ്യത ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്കായിരിക്കും. കൃത്യമായ കണക്ക പ്രകാരമാണ് പ്രഥമാദ്ധ്യാപകർ ഇൻഡന്റ് രേഖപ്പെടുത്തേണ്ടതെന്ന കാര്യം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പ്രഥമാദ്ധ്യാപകർക്ക് കർശന നിർദ്ദേശം നൽകേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതുമാണ്. പ്രഥമാദ്ധ്യാപകർ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി മാത്രം പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ്

നടത്തിയിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. **12-09-2024-ന്റെ ശേഷം തിരുത്തലുകൾ വരുത്തുന്നതിനും എഡിറ്റിംഗിനും യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതല്ല.** TBMS -ൽ (Text Book Supply Monitoring System) ൽ അപ് ലോഡ് ചെയ്ത ഇൻഡന്റ് ഫോം കൺഫേം ചെയ്ത് പകർപ്പ് പ്രഥമാദ്ധ്യാപകർ എടുത്ത് സൂക്ഷിക്കേണ്ടതാണ്. യഥാസമയത്ത് ഇൻഡന്റ് ചെയ്യാതിരിക്കുകയും കുട്ടികൾക്ക് പാഠപുസ്തകം ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു. ഇൻഡന്റ് കൺഫേം ചെയ്തിനുശേഷം എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ അതാതു ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്/ജില്ലാ വിദ്യാഭ്യാസ ആഫീസുകൾ മുഖാന്തിരം റീ-സെറ്റ് ചെയ്ത്, സ്കൂളുകൾ അപ്ഡേറ്റ് ചെയ്ത് കൺഫേം ചെയ്യേണ്ടതാണ്. **12-09-2024-ന് ശേഷം യാതൊരു തരത്തിലുള്ള തിരുത്തലുകളും അനുവദിക്കുന്നതല്ല.**

**<u>അംഗീകാരമുള്ള അൺ-എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>**

അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾക്കും സമ്പൂർണ്ണ യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് മേൽപറഞ്ഞ രീതിയിൽ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ടി സ്കൂളുകൾ പാഠപുസ്തകങ്ങളുടെ വില ചെലാൻ മുഖേന അടച്ചശേഷം വിശദവിവരങ്ങൾ TBMS -ൽ (Text Book Supply Monitoring System) ൽ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സർക്കുലറിലെ മാർഗ്ഗരേഖകൾ അനുസരിച്ച് ആവശ്യമായ പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് രേഖപ്പെടുത്തേണ്ടതാണ്. ഇൻഡന്റ് സമർപ്പിച്ചശേഷം ചെലാൻ ഒടുക്കാതിരിക്കുകയോ, പാഠപുസ്തകങ്ങൾ കൈപ്പറ്റാതിരിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം വരുത്തുതിനുള്ള സാഹചര്യം ഉണ്ടാകുന്നതിനാൽ ഇൻഡന്റ് ചെയ്തവർ നിർബന്ധമായും തുക ഒടുക്കേണ്ടതും തുക ഒടുക്കാത്ത സ്കൂളുകൾക്ക് തുടർന്നുള്ള വർഷങ്ങളിൽ പാഠപുസ്തക ഇൻഡന്റിംഗ് അനുവദിക്കുന്നതല്ല.

2024-25 അധ്യയന വർഷം മുതൽ ഇൻഡന്റ് രേഖപ്പെടുത്തുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ പാഠപുസ്തക വില ഇ-ട്രഷറി സംവിധാനത്തിലൂടെ തന്നെ ഒടുക്കേണ്ടതും തുക ഒടുക്കിയ വിവരം ചെലാൻ നമ്പർ സഹിതം പാഠപുസ്തക മോണിറ്ററിംഗ് സിസ്റ്റത്തിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. ചെലാൻ, ഇൻഡന്റിന്റെ പകർപ്പ് എന്നിവയുടെ ഹാർഡ് കോപ്പി പാഠപുസ്തക ആഫീസിലേയ്ക്ക് അയക്കേണ്ടതില്ല.

നിലവിലെ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പ്രകാരം അംഗീകാരം ഇല്ലാത്ത ഒരു സ്കൂളുകൾക്കും പാഠപുസ്തക വിതരണം നടത്തുന്നതല്ല.

**<u>ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്കു നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് TBMS -ൽ (Text Book Supply Monitoring System) ൽ ലോഗിൻ ചെയ്ത് അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾ **നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ (09-09-2024 മുതൽ 12-09-2024-വരെ) ഇൻഡന്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

<u>വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ റവന്യൂ ജില്ലയിലെ പ്രഥമാദ്ധ്യാപകർക്ക് യഥാസമയം തന്നെ ഇൻഡന്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും **ഇൻഡന്റ് പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.** ഇൻഡന്റ് ചെയ്യാത്ത സ്കൂളുകളുടെ പേര് വിവരം പാഠപുസ്തക ആഫീസറെ ഇ-മെയിൽ മുഖാന്തരം അറിയിക്കേണ്ടതാണ്.

Signed by
Shanavas S
Date: 03-09-2024 18:45:40

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ പ്രഥമാദ്ധ്യാപകർക്കും സർക്കുലർ അയച്ച് നൽകേണ്ടതാണ്. അതോടൊപ്പം ഈ സർക്കുലർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.)

4. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ് (വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രദർശിപ്പിക്കുന്നതിന്)

5.പാഠപുസ്തക ആഫീസർ

പകർപ്പ്:

1. എല്ലാ സ്റ്റോർ കീപ്പർമാർക്കും